A5-871/23/DSYA 05.05.2023

ദേശീയ അന്തർദേശീയ തലങ്ങളിൽ മികവ് കൈവരിക്കുന്നതിന് പൊതുവായതും,നിർദ്ദിഷ്ടവുമായ കായിക ഇനങ്ങളെയും വ്യക്തിഗത കായിക താരങ്ങളെയും പ്രോൽസാഹിപ്പിക്കുക,മികച്ച കായിക താരങ്ങൾക്ക് പരിശീലനം സൗകര്യം ഉറപ്പു വരുത്തുക, കായിക വികസനത്തിനും മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ആവശ്യമായ ആധുനിക കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക, പ്രതികൂല ജീവിത സാഹചര്യങ്ങളെ മറികടന്ന് കായിക രംഗത്ത് മികവ് പുലർത്തുന്നവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുക/അതിനുള്ള സഹായം നല്കുക എന്നീ ലക്ഷ്യത്തോടെ സംസ്ഥാന കായിക യുവജനകാര്യാലയം മുഖേന കായിക വികസന നിധിയിൽ നിന്ന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ഗവ.എയ്ഡഡ്സ്കൂൾ/ക്ലബ്ബുകൾ/കായിക സംഘടനകൾ, സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബ്ബുകൾ, അന്താരാഷ്ട്ര /ദേശീയ നിലവാരത്തിലുള്ള കായിക താരങ്ങൾ എന്നിവരാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

സ്പോർട്സ് /ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിന് ഗവ.എയ്ഡഡ്സ്കൂൾ/ക്ലബ്ബുകൾ/കായിക സംഘടനകൾ, സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബ്ബുകൾ എന്നിവയ്ക്കും, കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും, ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും കായിക താരങ്ങൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതാണ്.

അപേക്ഷ ഫോറത്തിൻ്റെ മാതൃക, സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ, എന്നിവ www.sportskerala.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സാമ്പത്തിക സഹായത്തിന് അപേക്ഷിക്കുന്ന സ്കൂളുകൾ, സംഘടനകൾ, കായിക താരങ്ങൾ എന്നിവർ മാർഗ്ഗരേഖയിൽ പ്രതിപാദിക്കുന്ന എല്ലാ രേഖകളും ഉൾപ്പെടെ 20.06.2023 ന് മുൻപ് ഡയറക്ടർ, കായിക യുവജനകാര്യാലയം, ജിമ്മി ജോർജ്ജ് ഇൻഡോർസ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖാന്തിരമോ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് (0471) 2326644 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Prem Krishnan S. IAS

The document is digitally approved. Hence signature is not needed.

**കായികയുവജനകാര്യാലയം**

ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം,

വെള്ളയമ്പലം, തിരുവനന്തപുരം-33

ഇമെയിൽ-dsyagok@gmail.com

ഫോൺ- 0471 -232664

**<u>കായിക താരങ്ങൾക്ക് സാമ്പത്തിക സഹായത്തിനുള്ള അപേക്ഷാ ഫോം</u>**

| | | | |
|---|---|---|---|
| കായികതാരത്തിൻറെ പേര് വിലാസം<br>ജില്ല<br>പിൻകോഡ്<br>നിയോജകമണ്ഡലം | | | |
| ഫോൺ നമ്പർ, ഇമെയിൽ | | | |
| ജനനതീയതി / വയസ്സ് | | | |
| പഠിക്കുന്ന / ജോലി ചെയ്യുന്ന സ്ഥാപനം | | | |
| അപേക്ഷകൻ പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദാംശം | അതെ/ അല്ല | | |
| | | | |
| പിതാവ്/രക്ഷിതാവിൻറെ പേര് | | | |
| ആവശ്യപ്പെടുന്ന തുക | അക്ഷരത്തിൽ | | |
| | അക്കത്തിൽ | | |
| തുക വിനിയോഗിക്കുന്ന ആവശ്യം (വിശദമായ എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്യണം | | | |
| മുമ്പ് സർക്കാരിൽ നിന്ന് ലഭിച്ച സഹായം (ജോലി, ധനസഹായം ) ബന്ധപ്പെട്ട വിവരങ്ങൾ | | | |
| അപേക്ഷ ശുപാർശ ചെയ്യുന്ന ബന്ധപ്പെട്ട അസോസിയേഷൻ/ പഠിക്കുന്ന സ്ഥാപന മേധാവിയുടെ വിശദാംശം (ശുപാർശ കത്ത് ഹാജരാക്കണം) | | | |
| തുടർപരിശീലനത്തിനാണെങ്കിൽ കോച്ച്, ട്രെയിനിംഗ് സെൻറർ എന്നിവ സംബന്ധിച്ച വിവരങ്ങൾ ( കോച്ച്/ സ്ഥാപന മേധാവിയിൽ നിന്നും കത്ത് ഹാജരാക്കണം) | | | |
| കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ(രേഖകളുടെ പകർപ്പ് ഹാജരാക്കണം) | | | |
| പങ്കെടുത്ത ടൂർണമെൻറ്/കായിക മേള | | | ദേശീയ-അന്തർദേശീയ |

| | | | |
|---|---|---|---|
| [illegible]<br>(രേഖകളുടെ പകർപ്പ് ഹാജരാക്കണം) | ജില്ലാതലം | സംസ്ഥാനതലം | [illegible]<br>തലം |
| | | | |
| പങ്കെടുക്കാനുദ്ദേശിക്കുന്ന ടൂർണമെൻറ് (വിശദാംശം ) | | | |
| പരിശീലനത്തിൻറെ ഭാഗമായി ശാരീരിക ബുദ്ധിമുട്ട് നേരിടുന്നവർ/ വികലാംഗ കായികതാരങ്ങൾ/ പാരാ ഒളിമ്പിക്സിൽ പങ്കെടുത്തവർ ആണെങ്കിൽ ആയതിൻറെ വിശദാംശം (അംഗീകൃത രേഖകളുടെ പകർപ്പ് ഹാജരാക്കണം) | | | |
| **അക്കൗണ്ട് വിവരങ്ങൾ** (പാസ്ബുക്ക് പകർപ്പ് ഹാജരാക്കണം) | | | |
| അക്കൗണ്ട് നമ്പർ | | | |
| ഐ.എഫ്. എസ്.സി | | | |
| ബാങ്ക് | | | |
| | | | |

സ്ഥലം: അപേക്ഷകൻറെ പേര്:
തീയതി: ഒപ്പ്:

<u>സത്യപ്രസ്താവന</u>

മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും സത്യാമാണെന്നും ഇതേ ആവശ്യത്തിന് സ്പോർട്സ് കൗൺസിൽ/മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്നും പ്രസ്താവിക്കുന്നു. ഇതിൽ ഏതെങ്കിലും കാര്യങ്ങൾ തെറ്റാണെന്ന് തെളിയിയുകയും സർക്കാരിൻറെ നിബന്ധനകൾ ലംഘിച്ച് ധനസഹായം സ്വീകരിച്ചുവെന്ന് തെളിയുന്ന പക്ഷം എനിക്ക് ലഭിക്കുന്ന സഹായം റദ്ദ് ചെയ്യാവുന്നതാണെന്നും തുക പലിശ സഹിതം തിരിച്ചു പിടിക്കാവുന്നതാണെന്നും ഉറപ്പ് നൽകുന്നു.

സ്ഥലം: അപേക്ഷകൻറെ പേര്:

തീയതി: ഒപ്പ്:

The document is digitally approved. Hence signature is not needed.

കായികയുവജനകാര്യാലയം
ജിമ്മിജോർജ് ഇൻഡോർ സ്റ്റേഡിയം,
വെള്ളയമ്പലം, തിരുവനന്തപുരം-33
ഇമെയിൽ þ dsyagok@gmail.com
ഫോൺ - 0471 -232664

**കായിക വികസന നിധിയിൽ നിന്നും ക്ലബ്ബുകൾക്കുള്ള/ സ്കൂളുകൾക്കുള്ള സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ**

| | | | |
|---|---|---|---|
| **I** | **Details of the Club/School**<br>**ക്ലബ്ബിൻറെ/സ്കൂളിൻറെ വിവരങ്ങൾ** | | |
| 1 | Name of the Club/ School<br>ക്ലബ്ബിൻറെ/ സ്കൂളിൻറെ പേര് | | |
| 2 | Full Postal Address<br>പൂർണ്ണമായ വിലാസം | | |
| 3 | Details of contact person | | |
| a | Name & Designation<br>(പേരും തസ്തികയും) | | |
| c | E-mail Id | | |
| d | Phone No. | | |
| 4 | Approximate number of members/beneficiaries/students | Boys(ആൺ) | Girls (പെൺ) Total (ആകെ) |
| 5 | Achievement in sports for past 3 years (Details should be attached)<br>കഴിഞ്ഞ 3 വർഷമായി കായികരംഗത്ത് കൈവരിച്ച നേട്ടങ്ങൾ (രേഖകൾ ഉള്ളടക്കം ചെയ്യണം) | | |
| 6 | Name of the Sports disciplines / Games that is preferred for F A.<br>സാമ്പത്തികസഹായംലഭ്യമാക്കാൻ മുൻഗണന നൽകുന്ന കായികയിനം. | | |
| 7 | No. of State Level / National Level Tournaments attended by the Sports Personal in the last 3 years<br>കഴിഞ്ഞ 3 വർഷമായി ദേശീയ-സംസ്ഥാന ടൂർണമെൻറുകളിൽ പങ്കെടുത്ത അംഗങ്ങളുടെ എണ്ണം | ദേശീയം | സംസ്ഥാനം |
| 8 | Whether stock register of Sports Equipments is maintained by the Club.<br>കായികോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ | | |

പരിപാലിക്കുന്നുണ്ടോ?

| II | **Requirement of the Club/School** |
|---|---|
| 1 | Amount Required. (ആവശ്യപ്പെടുന്ന തുക) |
| 2 | Financial assistance required for what purpose (Please tick) ധനസഹായത്തിനുള്ള അപേക്ഷ ഏത് ആവശ്യത്തിനാണ് (ടിക് ചെയ്യുക.) |
| a | Renovation / upgradation of existing play field.(documents of ownership should be attached) നിലവിലുള്ള കളിസ്ഥലത്തിൻറെ നവീകരണം. (ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കണം) |
| b | Purchase of Sports Equipments കായികോപകരണങ്ങൾ വാങ്ങുന്നതിന് (എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്യുക) |
| c | Purchase of Gym Equipments. ജിം ഉപകരണങ്ങൾ വാങ്ങുന്നതിന് (എസ്റ്റിമേറ്റ് ഉള്ളടക്കം ചെയ്യുക) |
| d | Others (Please specify) മറ്റുള്ളവ (വ്യക്തമാക്കുക) |
| 3 | If Renovation / upgradation of existing play field required, Specify the broad nature of work required. നവീകരിക്കാൻ ഉദ്ദേശിക്കുന്ന കളിസ്ഥലത്തിൻറെ സംബന്ധിച്ച തൽസ്ഥിതി (ഫോട്ടോ, മറ്റ് രേഖകൾ എന്നിവ ഉള്ളടക്കം ചെയ്യുക)) |
| 4 | If equipments are to be purchased, furnish the list of equipments required. വാങ്ങുവാൻ ഉദ്ദേശിക്കുന്ന ഉപകരണങ്ങളുടെ വിശദാംശം. |
| 5 | Whether financial assistance has been received from the Government / Public Sector Undertaking for the same purpose? If yes, details. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ഇതേ ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശം. |
| 6 | Any Sports material was received from the Department of Sports in last 3 years, whether the material is utilised towards organisation of Games / Sports. If yes UC should be submit along with application. കായിക വകുപ്പിൽ നിന്നും മുമ്പ് കായിക ഉപകരണങ്ങൾ |

ലഭ്യമാക്കിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച
വിശദാംശം. വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കണം

7 Whether willing to execute MoU with Directorate of Sports and Youth Affairs? If no give reason. കായികയുവജനകാര്യാലയവുമായി ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് സമ്മതമാണോ? അല്ലെങ്കിൽ അതിനുള്ള കാരണം.

III **Account Details**

Name and address of bank
ബാങ്കിൻറെ പേരും വിലാസവും (പാസ്ബുക്കിൻറെ പകർപ്പ് ഹാജരാക്കണം)

Account number
അക്കൗണ്ട് നമ്പർ

IFSC
ഐ.എഫ്.എസ്.സി

തീയതി : സെക്രട്ടറിയുടെ//പ്രിൻസിപ്പലിൻറെ ഒപ്പ്
സ്ഥലം : സീൽ

**<u>സത്യപ്രസ്താവന</u>**

മേൽ പ്രസ്താവിച്ചിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും സത്യാമാണെന്നും ഇതിൽ ഏതെങ്കിലും കാര്യങ്ങൾ തെറ്റാണെന്ന് തെളിയിയുന്ന പക്ഷം ലഭിക്കുന്ന സഹായം റദ്ദുചെയ്യാവുന്നതാണെന്നും, കൈപറ്റുന്ന തുക തിരിച്ചുപിടിക്കുന്നതിന് എനിക്ക് പൂർണ്ണ സമ്മതമാണെന്നും പ്രസ്താവിച്ചു കൊള്ളുന്നു.

തീയതി : സെക്രട്ടറിയുടെ//പ്രിൻസിപ്പലിൻറെ ഒപ്പ്
സ്ഥലം : സീൽ

For Office Use (ഓഫീസ് ആവശ്യത്തിന്)

| | | |
|---|---|---|
| 1 | അപേക്ഷ ലഭിച്ച തീയതി | |
| 2 | അപേക്ഷയോടൊപ്പം ലഭിച്ച രേഖകൾ | |
| 3 | പ്രാഥമിക പരിശോധന നടത്തിയ തീയതി | |
| 4 | പ്രാഥമിക പരിശോധനയിലെ റിമാക്സ് | |
| 5 | മൂല്യനിർണ്ണയകമ്മിറ്റി പരിശോധിച്ച തീയതി. | |
| 6 | മൂല്യനിർണ്ണയകമ്മിറ്റിയുടെ റിമാർക്സ്. | |
| 7 | ഡയറക്ടർ ശുപാർശ ചെയ്ത തീയതി | |

| | | |
|---|---|---|
| 8 | അനുവദിച്ച തുക | |
| 9 | വിതരണം ചെയ്ത തീയതി | |
| 10 | വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയ തീയതി. | |

<u>അനുബന്ധം</u>

## കായിക താരങ്ങൾ, കായിക സംഘടന/ക്ലബുകൾ, സ്കൂളുകൾ എന്നിവയ്ക്ക് കായികവികസനനിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ

**ആമുഖം**

കേരള സംസ്ഥാനത്ത് കായിക മേഖലയുടെ ഉന്നമനവും വികസനവും ലക്ഷ്യമിട്ട് 1986 ലാണ് കായികയുവജനകാര്യാലയം ആരംഭിക്കുന്നത്. അടിത്തട്ടിൽ തന്നെ കായിക പ്രവർത്തനങ്ങൾ വികസിപ്പിക്കുകയും അതുവഴി ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുകയും ദേശീയ അന്തർദേശീയ തലങ്ങളിൽ മികച്ച കായിക നേട്ടങ്ങൾ ഉറപ്പുവരുത്തുകയുമാണ് കായിക യുവജന കാര്യാലയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. കേരളത്തിലെ കായികമേഖലയിൽ മതിയായ ആധുനിക അടിസ്ഥാന സൗകര്യവികസനം, കായിക മേഖലയുടെ പ്രാധാന്യത്തെ കുറിച്ച് പൊതു ജനങ്ങളിൽ അവബോധം നൽകുക, അന്താരാഷ്ട്ര നിലവാരം കൈവരിക്കുന്നതിന് സ്പോർട്സ് താരങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ തുടങ്ങി കായിക വികസനവുമായി ബന്ധപ്പെട്ട എല്ലാ മേഖലകളിലുമായി ഇതിന്റെ പ്രവർത്തനം വ്യാപിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാനത്തെ കായിക മത്സരങ്ങൾ, ഗെയിമുകൾ, യുവജനങ്ങളുടെ ക്ഷേമം എന്നിവയുടെ ഉന്നമനത്തിനും വികസനത്തിനും ഡയറക്ടറേറ്റ് പ്രത്യക്ഷവും പരോക്ഷവുമായ സേവനങ്ങൾ നൽകുന്നു.

സംസ്ഥാനത്തെ കായിക വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ പുതിയ സ്കീമായി കായിക വികസന നിധി ആരംഭിച്ചു. എല്ലാ വർഷവും 2204-00-104-82 കായിക വികസന നിധി (പ്ലാൻ) ശീർഷകത്തിൽ തുക വകയിരുത്തി, പ്രഗത്ഭരായ കായികതാരങ്ങളെ പ്രോത്സാഹിക്കുന്നതിനും പിന്തുണയ്ക്കുന്നതിനും കായിക താരങ്ങളുടെ മൊത്തത്തിലുള്ള പ്രകടനം മെച്ചപ്പെടുത്തുന്നതിനും, ഉയർന്ന തലത്തിലുള്ള പ്രകടന മികവ് കൈവരിക്കുന്നതിനും അവരെ സജ്ജരാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം കായിക വികസന നിധിയിൽ നിന്ന് തുക വിനിയോഗിക്കുന്നു.

**ലക്ഷ്യങ്ങൾ**

ദേശീയ, അന്തർദേശീയ തലങ്ങളിൽ മികവ് കൈവരിക്കുന്നതിന് പൊതുവായതും നിർദ്ദിഷ്ടവുമായ കായിക ഇനങ്ങളെയും വ്യക്തിഗത കായിക താരങ്ങളെയും പ്രോത്സാഹിപ്പിക്കുക, മികച്ച കായികതാരങ്ങൾക്ക് പരിശീലനം സൗകര്യം ഉറപ്പുവരുത്തുക, കായിക വികസനത്തിനും, മികച്ച കായിക താരങ്ങളെ വാർത്തെടുക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ആവശ്യമായ ആധുനിക കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക, പ്രതികൂല ജീവിത സാഹചര്യങ്ങളെ മറികടന്ന് കായികരംഗത്ത് മികവ് പുലർത്തുന്നവർക്ക് മെച്ചപ്പെട്ട ജീവിത സൗകര്യം ഒരുക്കുക/അതിനുള്ള സാഹയം നൽകുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രാഥമിക ലക്ഷ്യം.

കായിക വികസന നിധിയുടെ ലക്ഷ്യങ്ങൾ ഉറപ്പുവരുത്തുന്നതിന്, ഈ സ്കീമിന് കീഴിൽ താഴെ പറയുന്ന ആവശ്യങ്ങൾക്കായി സാമ്പത്തിക സഹായം* നൽകും.

പട്ടിക 1 :

| ക്രമ നം. | ഗുണഭോക്താവ് | പ്രയോജനം |
|---|---|---|
| 1 | ഗവ.എയ്ഡഡ് സ്കൂൾ/ക്ലബ്ബ്/കായിക സംഘടനകൾ /സർക്കാർ ഓഫീസുകളിലെ സ്പോർട്സ് റിക്രിയേഷൻ ക്ലബുകൾ* | സ്പോർട്സ്/ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങി നൽകുക/ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം |
| 2 | അന്താരാഷ്ട്ര/ദേശീയ നിലവാരത്തിലുള്ള കായികതാരങ്ങൾ | കായിക മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സഹായം/ ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കുക |
| *സാമ്പത്തിക സഹായം നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്പോർട്സ് വിഭാഗങ്ങൾക്ക് ഒളിമ്പിക് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, ദേശീയ ഗെയിംസ് എന്നിവയിൽ ഉൾപ്പെട്ടിട്ടുള്ളതോ ആയ കായികയിനങ്ങൾക്ക് വേണ്ടി പരിമിതപ്പെടുത്തിയിരിക്കുന്നു. | | |

**നിർവചനങ്ങൾ**

സ്കീമിൽ :- എ) സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1860 അല്ലെങ്കിൽ തിരുവിതാംകൂർ കൊച്ചിൻ ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള, കായിക മേഖലയിൽ പ്രവർത്തിക്കുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ഒരു കായികയിനത്തിന്റെ ഉന്നമനത്തിനായോ പ്രവർത്തിക്കുന്ന ഒരു ക്ലബ്/ ഓർഗനൈസേഷനാണ് സ്പോർട്സ് ക്ലബ് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ബി) സ്കൂൾ എന്നാൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സർക്കാർ അല്ലെങ്കിൽ എയ്ഡഡ് (പ്രൈമറി/ സെക്കൻഡറി/ ഹയർ സെക്കൻഡറി) സ്കൂളുകൾ എന്നാണ് ഉദ്ദേശിക്കുന്നത്.

<u>അപേക്ഷ നൽകുന്നതിനുള്ള യോഗ്യതാ മാനദണ്ഡം</u>

<u>എ) പട്ടിക 1-ലെ ക്രമനമ്പർ 1-ൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നുള്ള അപേക്ഷകൾ</u>

എ) കേരളത്തിനകത്ത് കുറഞ്ഞത് 3 വർഷമായി പ്രവർത്തിച്ച് വരുന്ന ക്ലബ്ബുകളുടെ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ.

**ബി)** സ്പോർട്സ്/ ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പരിശീലന പരിപാടികളോ കോച്ചിംഗ് ക്യാമ്പുകളോ നടത്തുന്നതിനും സാമ്പത്തിക സഹായം നൽ കും. കായിക ഉപകരണങ്ങൾ കായിക യുവജന കാര്യാലയം നേരിട്ട് വാങ്ങി വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കും.

**സി)** കായിക വികസനത്തിനായി പ്രവർത്തിക്കുന്ന എന്നാൽ കായിക പരമായി പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളിൽ നിന്നും ഗ്രാമീണ പ്രദേശങ്ങളിൽ നിന്നുമുള്ള സ്പോർട്സ് ക്ലബ്ബുകൾ/ സ്കൂളുകൾക്ക് മുൻഗണന നൽകും.

**ഡി)** നടപ്പ് സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയ, കുറഞ്ഞത് 3 വർഷത്തെ പ്രവർത്തന പരിചയമുള്ള ക്ലബ്ബുകൾക്ക് മാത്രമേ സാമ്പത്തിക സഹായത്തിന് അർഹതയുള്ളൂ. യൂത്ത് വെൽഫെയർ ബോർഡിലോ നെഹ്റു യുവ കേന്ദ്രയിലോ അഫിലിയേറ്റ് ചെയ്ത ക്ലബ്ബുകൾക്ക് മുൻഗണന നൽകും.

**ഇ)** ദേശീയ/ സംസ്ഥാന സിവിൽ സർവ്വീസസ്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായി സർക്കാർ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനും മറ്റ് കായിക പ്രവർത്തനങ്ങൾക്കും സംസ്ഥാന സർക്കാർ ഓഫീസുകളിലെ റിക്രിയേഷൻ/ സ്പോർട്സ് ക്ലബ്ബുകൾ എന്നിവ അതത് വകുപ്പ് അദ്ധ്യക്ഷന്റെ ശുപാർശയോടെ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. വ്യക്തികളോ സംഘടനകളോ നേരിട്ട് നൽകുന്ന അപേക്ഷ പരിഗണിക്കുന്നതല്ല.

**എഫ്)** സ്ഥാപനത്തിന്റെയോ സ്ഥാപനമേധാവിയുടെ പേരിലോ ബാങ്ക് അക്കൗണ്ട് ഉണ്ടായിരിക്കണം. ക്ലബ്ബുകളുടെ കാര്യത്തിൽ, സെക്രട്ടറി അല്ലെങ്കിൽ പ്രസിഡന്റ് എന്നിവരുടെ പേരിൽ ഉള്ള ബാങ്ക് അക്കൗണ്ട് ആവശ്യമാണ്. അനുവദിക്കുന്ന തുക ഒരു സ്വകാര്യ അക്കൗണ്ടിലേക്ക് അപേക്ഷയോടൊപ്പം ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും ഹാജരാക്കണം.

**ജി)** അപേക്ഷകർ സ്ഥാപനത്തിന്റെ ലെറ്റർ ഹെഡിൽ മുമ്പ് ഇതേ ആവശ്യത്തിന് സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ല എന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**എച്ച്)** സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ/ഉന്നത വിദ്യാഭ്യാസ സ്ഥാപങ്ങൾ എന്നിവയുടെ അപേക്ഷ ഈ സ്കീമിന് കീഴിൽ പരിഗണിക്കുന്നതല്ല.

<u>ബി) പട്ടിക 1-ലെ ക്രമനമ്പർ 2-ൽ ഉൾപ്പെടുന്ന അപേക്ഷകൾ</u>

എ) അപേക്ഷകൻ കേരളീയനും കേരളത്തിൽ സ്ഥിര താമസമുള്ളവരും ആയിരിക്കണം. അപേക്ഷകന് 14 വയസ്സ് പൂർത്തിയായിരിക്കണം. അപേക്ഷയോടൊപ്പം വിലാസം, പ്രായം തെളിയിക്കുന്നതിനുള്ള അംഗീകൃതരേഖകൾ

അപേക്ഷയോടൊപ്പം ഹാജരാക്കണം.

ബി)കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച ഏതെങ്കിലും കായിക ഇനത്തിൽ സംസ്ഥാന / ദേശീയ/ അന്തർദേശീയ തല മത്സരങ്ങളിലെ വിജയികൾക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അർഹതയുണ്ട്.

സി)അപേക്ഷകൾ അതത് ജില്ലാ സ്പോർട്സ് കൗൺസിൽ സെക്രട്ടറി ശുപാർശ ചെയ്യിരിക്കണം. വിദ്യാർത്ഥികളിൽ നിന്നുള്ള അപേക്ഷകളാണെങ്കിൽ ആയത് സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തണം.

ഡി) അപേക്ഷകർ ഏതെങ്കിലും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഇതേ ആവശ്യത്തിനായി മുമ്പ് സാമ്പത്തിക സഹായം കൈപറ്റിയിട്ടില്ല എന്ന് പ്രസ്താവിക്കുന്ന സത്യവാങ്മൂലം അപേക്ഷയോടൊപ്പം സമർപ്പിക്കണം.

ഇ) അടുത്തടുത്ത വർഷങ്ങളിൽ ഒരേ വ്യക്തിക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതല്ല.

<u>അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള സമയക്രമം:</u>

<u>പട്ടിക 2::-</u>

| | |
|---|---|
| മെയ് ആദ്യവാരം | അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ- പരസ്യ പ്രചാരണം, sportskerala.org വെബ് സൈറ്റിൽ അപേക്ഷ ഫോം പ്രസിദ്ധീകരിക്കൽ |
| ജൂൺ രണ്ടാം വാരം | അപേക്ഷകൾസമർപ്പിക്കുന്നതിനുള്ള അവസാന തീയതി |
| ജൂൺ- അവസാനവാരം | അപേക്ഷയുടെ സൂക്ഷ്മപരിശോധന |
| ജൂലായ് അവസാനവാരം | അനുബന്ധ രേഖകൾ പുതുക്കി ഹാജരാക്കുന്നതിനുള്ള അവസാന തീയതി |
| ആഗസ്റ്റ് ഒന്നാം വാരം | സർക്കാരിൽ നിന്നും ഭരണാനുമതി ലഭ്യമാക്കൽ, അപേക്ഷകരിൽ നിന്നും ധാരണാപത്രം ലഭ്യമാക്കൽ |
| സെപ്റ്റംബർ | സാമ്പത്തിക സഹായ വിതരണവും കായിക ഉപകരണങ്ങളുടെ സംഭരണവും വിതരണവും |
| ജനുവരി ആദ്യ വാരം | വിനിയോഗസർട്ടിഫിക്കറ്റ്സമർപ്പിക്കുന്നതിനുള്ള അവസാനതീയതി |

ഈ സ്കീമിന്റെ നിബന്ധനകൾ, വ്യവസ്ഥകൾ, മുകളിലുള്ള സമയക്രമം എന്നിവയിൽ പരിഷ്കാരങ്ങൾ/ കൂട്ടിച്ചേർക്കലുകൾ വരുത്തുന്നതിനുള്ള അധികാരം കായിക യുവജന കാര്യാലയം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

- എല്ലാ അപേക്ഷകർക്കും അപേക്ഷ സമർപ്പിക്കുന്നതിന് വിജ്ഞാപനം പ്രസിദ്ധീകരിച്ച തീയതി മുതൽ 30 ദിവസത്തെ സമയം അനുവദിക്കുന്നതാണ്.
- നിർദ്ദിഷ്ട മാതൃകയിലല്ലാത്ത/പൂർണ്ണമായ വിവരങ്ങൾ നൽകിയിട്ടില്ലാത്ത/ഒപ്പിടാത്ത/ തെറ്റായ വിവരങ്ങൾ

നൽകിയതുമായ അപേക്ഷകൾ ഏത് ഘട്ടത്തിലും നിരസിക്കപ്പെടുന്നതാണ്.

- സൂക്ഷ്മപരിശോധനാ സമിതി ആവശ്യമെന്ന് കണ്ടെത്തുന്ന രേഖകൾ സമർപ്പിക്കാൻ എല്ലാ അപേക്ഷകർക്കും ഒരു അവസരം നൽകുന്നതാണ്.

പൂരിപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും നിർദ്ദിഷ്ട തീയതിക്ക് മുമ്പായി ഡയറക്ടർ, കായികയുവജനകാര്യാലയം, ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ എത്തിച്ച് നൽകേണ്ടതാണ്. അല്ലെങ്കിൽ വിജ്ഞാപനത്തിൽ നൽകിയിട്ടുള്ള ഇമെയിൽ വിലാസത്തിൽ അവസാന തീയതിക്ക് മുമ്പായി അയച്ചു നൽകുകയും 5 ദിവസത്തിനുള്ളിൽ മേൽ പറഞ്ഞ വിലാസത്തിൽ എത്തിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം അപേക്ഷ നിരസിക്കുന്നതാണ്.

<u>പ്രാഥമിക പരിശോധന</u>

അവസാനതീയതിക്കു മുമ്പായി കായിക യുവജന കാര്യാലയത്തിൽ ലഭിക്കുന്ന അപേക്ഷകൾ സ്പോർട്സ് ഡെമോൺസ്ട്രേറ്ററുടെ/ ഡയറക്ടർ നിർദേശിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ കായികയുവജന കാര്യാലയത്തിൽ സ്പോർട്സ് ക്വാട്ട നിയമനം ലഭിച്ച അതത് ജില്ലകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് ആവശ്യമെങ്കിൽ സ്ഥലപരിശോധന ഉൾപ്പടെ നടത്തി പ്രാഥമിക പട്ടിക തയ്യാറാക്കിയ ശേഷം സൂക്ഷ്മപരിശോധന സമിതിക്ക് സമർപ്പിക്കുന്നു.

<u>രേഖകളുടെ സൂക്ഷ്മപരിശോധന</u>

പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട അപേക്ഷകൾ സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്കുകൾ എന്നിവരടങ്ങിയ സൂക്ഷ്മപരിശോധനാ സമിതി പരിശോധിച്ച് വിലയിരുത്തുകയും ചുവടെ പറയുന്ന വിശദാംശങ്ങൾ പരിഗണിച്ച് വിശദമായ സ്കോർ കാർഡ് തയ്യാറാക്കുകയും ചെയ്യും. ഓരോ സാമ്പത്തിക വർഷാരംഭത്തിലും അപേക്ഷ ക്ഷണിക്കുന്നതിനുള്ള പ്രക്രിയ ആരംഭിക്കുന്നതിന് മുമ്പ് ഡയറക്ടർ നിർദ്ദേശിക്കുന്നതനുസരിച്ച് ഓരോ പ്രത്യേക ഘടകങ്ങൾക്കുമുള്ള മാർക്ക്/വെയ്റ്റേജ് നിശ്ചയിക്കുന്നതാണ്.

<u>വ്യക്തികൾ</u>

- ആനുകൂല്യം നൽകുന്നതിലൂടെ അപേക്ഷകനിൽ നിന്നും പ്രതീക്ഷിക്കുന്ന നേട്ടം
- കായിക നേട്ടങ്ങളും അപേക്ഷകരുടെ നിലവിലെ കായിക നിലവാരവും.
- സാമൂഹിക പശ്ചാത്തലം (ജില്ലയുടെയോ പ്രദേശത്തിന്റെയോ പിന്നോക്കാവസ്ഥ, കമ്മ്യൂണിറ്റി, സാമ്പത്തിക പശ്ചാത്തലം എന്നിവ അടിസ്ഥാനമാക്കി)

<u>സംഘടനകൾ</u>

- ആനുകൂല്യം നൽകുന്നതിലൂടെ പ്രതീക്ഷിക്കുന്ന ഫലം
- കായിക നേട്ടങ്ങൾ, ടൂർണമെന്റുകൾ/ മീറ്റുകൾ/ പരിശീലന ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കൽ, മറ്റ് കായിക അനുബന്ധ പ്രവർത്തനങ്ങൾ
- സോഷ്യൽ മെറിറ്റ് (ജില്ലകളുടെ പിന്നോക്കാവസ്ഥ, കഴിഞ്ഞ മൂന്ന് വർഷമായുള്ള സാമ്പത്തിക കണക്കുകൾ, ഇൻഫ്രാസ്ട്രക്ചർ & അഡ്മിനിസ്ട്രേഷൻ, കമ്മ്യൂണിറ്റി, ഗുണഭോക്താക്കളുടെ സാമൂഹിക പശ്ചാത്തലം എന്നിവ സോഷ്യൽ മെറിറ്റ് പോയിൻറുകളിൽ ഉൾപ്പെടുന്നു.)

സ്കോർ കാർഡ് അടിസ്ഥാനപ്പെടുത്തി സൂക്ഷ്മപരിശോധന സമിതി: 1) സാമ്പത്തിക സഹായത്തിനുള്ളത്, 2) കായികോപകരണങ്ങൾ വാങ്ങുന്നതിനുള്ളത്, എന്നിങ്ങനെ രണ്ട് പട്ടിക തയ്യാറാക്കി ഡയറക്ടർ തലത്തിലുള്ള ഉന്നതതല സമിതി മുമ്പാകെ സമർപ്പിക്കും. ഈ സമിതി ഇവ പരിശോധിച്ച് അന്തിമ രൂപം നൽകുകയും ചെയ്യും. ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ഫിനാൻസ് ഓഫീസർ, സ്പോർട്സ് ഡെമോൺസ്ട്രേറ്റർ, ഡയറക്ടർ നിർദ്ദേശിക്കുന്ന മറ്റേതെങ്കിലും ഉദ്യോഗസ്ഥർ എന്നിവരടങ്ങുന്നതാണ് ഉന്നതതല സമിതി. ഈ കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ അന്തിമമായിരിക്കും.

ഇത്തരത്തിൽ മൂന്ന് വിഭാഗങ്ങളിലായി തയ്യാറാക്കുന്ന അന്തിമ പട്ടിക സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നു.

1. സമിതി ശുപാർശ ചെയ്യുന്ന സാമ്പത്തിക സഹായത്തിനുള്ള അപേക്ഷകൾ ജൂലൈ ആദ്യ വാരത്തോടെ സർക്കാരിന് സമർപ്പിക്കും. സർക്കാർ അനുമതി ലഭ്യമായ ശേഷം ഡയറക്ടറേറ്റുമായി ധാരണാപത്രം/ ബോണ്ട് ഒപ്പിട്ട ശേഷം ധനസഹായം ഗുണഭോക്താവിന്റെ പേരിൽ കൈമാറുന്നതാണ്.

    - തുക ഗുണഭോക്താവിന്റെ പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ കൈമാറുകയുള്ളൂ.

    - ഗുണഭോക്താക്കൾ തുക വിനിയോഗിക്കുകയും വിനിയോഗ സർട്ടിഫിക്കറ്റ് 3 മാസത്തിനുള്ളിൽ ഹാജരാക്കേണ്ടതാണ്.

2. കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായി ലഭിച്ച അപേക്ഷകൾ പ്രത്യേക പട്ടികയായി സർക്കാരിനു സമർപ്പിച്ച് സർക്കാർ അനുമതി ലഭ്യമായശേഷം സ്റ്റോർ പർച്ചേസ് റൂൾ പ്രകാരം കായികയുവജനകാര്യാലയം നേരിട്ട് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുകയും, അവരുമായി വ്യക്തമായ ധാരണാപത്രം/ബോണ്ട് നടപ്പിലാക്കിയ ശേഷം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറുകയും ചെയ്യും.

    - വിവിധ സ്ഥാപനങ്ങൾക്ക് കൈമാറുന്ന ഉപകരണങ്ങൾ ആവശ്യമെങ്കിൽ സർക്കാർ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന പരിപാടികൾക്കും ക്യാമ്പുകൾക്കും താൽക്കാലിക അടിസ്ഥാനത്തിൽ കായികയുവജനകാര്യാലയത്തിന് ലഭ്യമാക്കണമെന്ന് ധാരണാപത്രത്തിൽ വ്യവസ്ഥ ചെയ്യാവുന്നതാണ്. എന്നാൽ കായികതാരങ്ങൾക്ക് നൽകുന്ന ഉപകരണങ്ങൾ ഇത്തരത്തിൽ ലഭ്യമാക്കേണ്ടതില്ല.

    - സ്ഥാപനത്തിനോ/ വ്യക്തിക്കോ വിതരണം ചെയ്യുന്ന ഉപകരണങ്ങൾ മറ്റൊരു സ്ഥാപനത്തിനോ വ്യക്തിക്കോ കൈമാറ്റം ചെയ്യുന്നതിനോ വിൽക്കുന്നതിനോ പാട്ടത്തിന് നൽകുന്നതിനോ ആ സ്ഥാപനത്തിന്/വ്യക്തിക്ക് അധികാരം ഉണ്ടായിരിക്കുന്നതല്ല.

ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് പൂർണ്ണമായും മെറിറ്റ് അടിസ്ഥാനത്തിലാക്കിയതിനാൽ ഗുണഭോക്താക്കളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടില്ല .